## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.977 30.01.2019-ലെ മറുപടി**

## വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് സ്റ്റേഷനിൽ നിന്നുള്ള മലിനജലം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.മുരളീധരൻ** | **ശ്രീ. കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |
| **എ)** തിരുവനന്തപുരം ജില്ലയിൽ കോസ്മോപോളിറ്റൻ ആശുപത്രിക്ക് സമീപമുള്ള കേരള വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് സ്റ്റേഷനിൽ നിന്നും ഉള്ളൂർ തോടിലേക്ക് സീവേജ് ടാങ്കിലെ മലിനജലം ഒഴുക്കിവിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **എ.** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . |
| **ബി** കുഴിവയൽ, ഗൗരീശപട്ടം പ്രദേശങ്ങളിലെ വീടുകളിൽ മഴക്കാലത്ത് തോട് കരകവിഞ്ഞൊഴുകി ഈ മലിനജലം വീടുകളിൽ കയറുന്നത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന സാഹചര്യത്തിൽ പ്രസ്തുത നടപടി ഒഴിവാക്കുന്നതിന് ജലവിഭവ വകുപ്പ് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | **ബി** നടപടി സ്വീകരിച്ചിട്ടുണ്ട്. പ്ലാമൂട് പമ്പ് ഹൗസിൽ നിന്നും പമ്പ് ചെയ്യുന്ന സീവേജ് കോസ്മോപോളിറ്റൻ ഹോസ്പിറ്റൽ ജംഗ്ഷനിൽ നിന്നും കണ്ണമ്മൂല പമ്പ് ഹൗസിൽ എത്തിച്ച് മുട്ടത്തറ ട്രീറ്റ്മെന്റ് പ്ലാന്റിലേക്ക് എത്തിക്കുന്ന രീതിയിലാണ് വിഭാവനം ചെയ്തിട്ടുള്ളത് . മുറിഞ്ഞപാലത്തു നിന്നും കണ്ണമ്മൂല പമ്പ് ഹൗസിലേയ്ക്കുള്ള പൈപ്പ് ഇടാനുള്ള നടപടി പുരോഗമിക്കുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ